## പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.666** **12/06/2013 ൽ മറുപടിക്ക്**

### നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം

**ചോദ്യം** — **ശ്രീമതി കെ. എസ്. സലീഖ**

**മറുപടി** — **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ മരുന്നു സംഭരണത്തിലെ കെടുകാര്യസ്ഥതയും അപാകതകളും മൂലം 'നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം' പാളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. ജീവിതശൈലി രോഗ നിവാരണത്തിനാവശ്യമായ മരുന്നുകളുടെ ഒന്നാം ഘട്ടത്തിലേയ്ക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമയബന്ധിതമായി നൽകിക്കഴിഞ്ഞു. നിലവിൽ പ്രധാനപ്പെട്ട എല്ലാ ഇനം മരുന്നുകളുടെയും അത്യാവശ്യം വേണ്ട സ്റ്റോക്ക് വെയർഹൗസുകളിൽ ലഭ്യമാണ്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) | 2013-14-ലെ രണ്ടാം ഘട്ടത്തിലേയ്ക്കാവശ്യമായി മരുന്നുകൾ വാങ്ങുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത പ്രോഗ്രാം വഴി ജീവിതശൈലി രോഗബാധിതർക്ക് ഇൻസുലിൻ ഉൾപ്പെടെ മരുന്നുകൾ പി.എച്ച്.സി.കൾ വഴി നൽകുമെന്ന് പ്രഖ്യാപിക്കുകയും ആയത് ഇതുവരെ നടപ്പിലാക്കിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (സി) | ജീവിതശൈലി രോഗബാധിതർക്ക് ആവശ്യമായ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കോർപ്പറേഷൻ സമയബന്ധിതമായി ആശുപത്രികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മാസത്തിൽ ഒരിക്കൽ ഇത്തരം രോഗികൾക്ക് പരിശോധന നടത്തുന്നതിന് റൂറൽ ഹെൽത്ത് മിഷന് എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്നും ആയതിൽ എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ; | (ഡി) | ആഴ്ചയിൽ ഒരിക്കലാണ് ഇത്തരം രോഗികൾക്ക് പരിശോധന നടത്തുന്നത്. ഇതിനായി കേന്ദ്ര ഗവൺമെന്റ് റൂറൽ ഹെൽത്ത് മിഷൻ വഴി 10 കോടി 11 ലക്ഷം രൂപയും സംസ്ഥാന ഗവൺമെന്റ് 24 കോടി 64 ലക്ഷം രൂപയും അനുവദിച്ചു. ഇത് മുഴുവൻ സ്റ്റേറ്റ് എൻ സി ഡി ഡിവിഷൻ ഈ പരിപാടിയ്ക്കായി ഉപയോഗപ്പെടുത്തുന്നു. ഇതിൽ 28 കോടി 68 ലക്ഷം രൂപ ചിലവഴിച്ചു. |
| (ഇ) | പ്രസ്തുത പ്രോഗ്രാമിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഇ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | ജീവിത ശൈലീരോഗബാധിതർക്ക് യഥാസമയം മരുന്നു നൽകാതെ രോഗികളെ ബുദ്ധിമുട്ടിലാഴ്ത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ? | (എഫ്) | ജീവിതശൈലീ രോഗ നിവാരണ യജ്ഞത്തിനായി 2012-13 സാമ്പത്തിക വർഷം ആവശ്യമായ മരുന്നുകൾ കോർപ്പറേഷൻ സമയബന്ധിതമായി വാങ്ങി ആശുപത്രികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾ വാങ്ങുന്നതിനായുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. നിലവിൽ അവശ്യം വേണ്ട മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസുകളിൽ ലഭ്യമാണെന്നും, ജീവിതശൈലീ രോഗങ്ങൾക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിൽ ആരും വീഴ്ച വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം -

ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം

Consilidated Screening Report April 2012- 2013

| Particulars | TVM | KLM | KTM | PTA | IDK | ALP | EKM | TCR | PKD | MPM | KKD | KNR | KSD | WYD | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| No of Camps Conducted | 1020 | 2663 | 877 | 4715 | 825 | 1487 | 860 | 600 | 1472 | 597 | 1550 | 495 | 250 | 84 | 17495 |
| No. of Clinic Conducted | 6843 | 19188 | 6112 | 18465 | 21951 | 12915 | 6284 | 10644 | 11467 | 10053 | 10139 | 5480 | 5281 | 6983 | 151805 |
| No of Patients Screened | 191874 | 290095 | 98741 | 527879 | 239155 | 208479 | 207581 | 291467 | 250982 | 186765 | 383490 | 239238 | 77448 | 95955 | 3289149 |
| No Of New DM cases detected | 11194 | 19092 | 6791 | 33412 | 11612 | 9190 | 24306 | 17164 | 15592 | 8648 | 25783 | 21173 | 4747 | 3973 | 212677 |
| Follow up DM Cases | 46390 | 59297 | 15142 | 65394 | 46526 | 31928 | 42516 | 72869 | 33134 | 29603 | 42682 | 48499 | 10166 | 22845 | 566991 |
| No Of New HT cases detected | 12572 | 28254 | 8667 | 20269 | 15903 | 18171 | 29444 | 23574 | 18840 | 10095 | 33167 | 25326 | 6703 | 5330 | 256315 |
| Follow up HT Cases | 51720 | 75323 | 18760 | 72757 | 57143 | 56040 | 57516 | 123757 | 57275 | 30467 | 68494 | 77337 | 15813 | 38795 | 801197 |
| No Of New DM & HT cases | 7782 | 16349 | 5716 | 56849 | 5983 | 4885 | 9344 | 14508 | 7247 | 6180 | 4338 | 9035 | 2807 | 2726 | 153749 |
| Follow up DM&HT Cases | 41687 | 44179 | 8886 | 55971 | 33587 | 28144 | 32579 | 80720 | 20870 | 18766 | 23367 | 25649 | 5831 | 17834 | 438070 |
| No Of Cancer cases detected | 95 | 42 | 3 | 134 | 8 | 211 | 16 | 354 | 689 | 35 | 103 | 0 | 30 | 0 | 1720 |
| No. of Cardio Vascular cases | 54 | 9 | 14 | 396 | 255 | 1306 | 1614 | 1347 | 34 | 42 | 946 | 0 | 11 | 0 | 6028 |